**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്- കേന്ദ്ര റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (CRIF) പ്രവൃത്തികളിൽ ഉൾപ്പെട്ട മേക്കുന്ന്- ചോറോട് റോഡിന്റെ നിർമ്മാണം- ശ്രീമതി തായാട്ട് സുഹ്റയുടെ കൈവശത്തിലുള്ള ഭൂമി ഉപയോഗിച്ചതിന്റെ നഷ്ടപരിഹാരം അനുവദിച്ചും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WPC 12884/2020 & RP 797/2024 കേസുകളിലെ വിധിന്യായം പാലിച്ചും കൊണ്ട് ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.1865/2025/PWD തീയതി,തിരുവനന്തപുരം, 11-12-2025

---

പരാമർശം:-

1. ശ്രീമതി തായാട്ട് സുഹ്റ ഫയൽ ചെയ്ത WPC 12884/2020 ൽ കേരള ഹൈക്കോടതി 27.03.2024 ൽ പുറപ്പെടുവിച്ച വിധിന്യായം
2. ശ്രീമതി തായാട്ട് സുഹ്റ ഫയൽ ചെയ്ത RP 797/2024 ൽ കേരള ഹൈക്കോടതി 06.09.2024 ൽ പുറപ്പെടുവിച്ച വിധിന്യായം
3. 20.09.2024 ലെ ശ്രീമതി തായാട്ട് സുഹ്റ യുടെ അപേക്ഷ
4. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി 26.08.2025 ന് നടത്തിയ യോഗം
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 05.11.2025 ലെ DCKKD/10213/2025-B3 നമ്പർ കത്ത്
6. ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ 28.11.2025 ലെ CEPWD/15206/2025-E2(EST)-NH നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മേക്കുന്ന് - ചോറോട് റോഡ് വികസനത്തിന്റെ ഭാഗമായി ചോറോട് വില്ലേജിൽ റീസർവേ നമ്പർ 22/28 ലുള്ള സ്ഥലം ഉപയോഗപ്പെടുത്തിയെന്നും, ഈ സ്ഥലത്തിന് നഷ്ടപരിഹാരം നൽകണം എന്നും ആവശ്യപ്പെട്ട് ശ്രീമതി തായാട്ട് സുഹ്റ ഫയൽ ചെയ്ത WPC 12884/2020 ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവായിരുന്നു.

"*The writ petition is accordingly disposed of, with the following directions;*

i. *The petitioner shall submit an application before the first respondent seeking compensation for the encroached portion of her land within two weeks of receipt of a copy of this judgment.*

ii. *The first respondent shall thereupon forward the application to the District Collector, Kozhikode or such other competent authority for determining the market value of the property and fixing the quantum of compensation to be paid.*

iii. *If the petitioner is not satisfied with the quantum of compensation fixed, she can approach the jurisdictional civil court.*

iv. *If such a suit is filed, the jurisdictional court shall treat it as a reference application under Section 18 of the Land Acquisition Act, 1894 and decide the matter in accordance with the provisions of that Act.*

v. *If the petitioner is satisfied with the compensation fixed, the first respondent shall ensure payment of the amount due, within two months of fixing the compensation amount."*

2. മേക്കുന്ന് -ചോറോട് റോഡിന്റെ നിർമ്മാണം CRIF(Central Road Infrastructure Fund) പ്രവൃത്തിയിൽ ഉൾപ്പെടുത്തി കേന്ദ്രഉപരിതല ഗതാഗത വകുപ്പ് അനുമതി നൽകിയതിനെത്തുടർന്ന് നടപ്പാക്കിയതാണ്. പ്രസ്തുത പ്രവൃത്തിയിൽ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ ചോറോട് ഗ്രാമപഞ്ചായത്ത് ഇടപെട്ട് Free surrender ആയി ഭൂമി ലഭ്യമാക്കിയതിനെത്തുടർന്ന് റോഡിന്റെ വീതികൂട്ടൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പാക്കി. Free surrender ആയി ലഭ്യമായ ഭൂമിയിലെ മരങ്ങൾ റോഡ് വീതി കൂട്ടുന്നതിന്റെ ആവശ്യത്തിനായി മുറിച്ചിരുന്നു. Land Relinquishment form ൽ സമ്മതപത്രം വാങ്ങി സൂക്ഷിക്കാതെയാണ് free surrender land ഉപയോഗിച്ചത്. ഭൂമി വിട്ട് നൽകിയവരിൽ ഒരാൾ മാത്രമാണ് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചത് എന്നും പരാമർശം 4 പ്രകാരം നടത്തിയ യോഗത്തിൽ എക്സിക്യൂട്ടിവ് എഞ്ചിനീയർ വ്യക്തമാക്കി.

3. ചോറോട് ഭാഗത്ത് റിസർവേ നമ്പർ 22/28 ൽ പെട്ട ഭൂമിക്ക് ആർ ഒന്നിന് 2,11,200/- രൂപ വിലയുണ്ട് എന്ന് പരാമർശം 5 പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ മേക്കുന്ന് -ചോറോട് റോഡിന്റെ നിർമ്മാണത്തിനായി ശ്രീമതി തായാട്ട് സുഹ്റയുടെ കൈവശ ഉണ്ടായിരുന്ന ഭൂമിയിൽ റിസർവേ നമ്പർ 22/28 ൽ പെട്ട 0.39 ആർ

ഭൂമി ഉപയോഗിച്ച വകയിൽ നഷ്ടപരിഹാരം നൽകുന്നതിനായി **82,368/-** രൂപ അനുവദിക്കണമെന്ന് പരാമർശം **6** പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

**4.** ഈ സാഹചര്യത്തിൽ മേക്കുന്ന് -ചോറോട് റോഡിന്റെ നിർമ്മാണത്തിനായി ശ്രീമതി തായാട്ട് സുഹ്റയുടെ കൈവശ ഉണ്ടായിരുന്ന ഭൂമിയിൽ റിസർവേ നമ്പർ **22/28** ൽ പെട്ട **0.39** ആർ ഭൂമി ഉപയോഗിച്ച വകയിൽ നഷ്ടപരിഹാരം നൽകുന്നതിനായി **82,368/-** രൂപ (എൺപത്തി രണ്ടായിരത്തി മുന്നൂറ്റി അറുപത്തെട്ട് രൂപ മാത്രം)യുടെ ഭരണാനുമതി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക **2025-26** സാമ്പത്തിക വർഷത്തിൽ **'5054-01-800-97**-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

**5.** പരാമർശം **1, 2** ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായം മേൽപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖക്കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, കോഴിക്കോട്.
ജില്ലാകളക്ടർ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 12-12-2025 11:42:54

സെക്ഷൻ ഓഫീസർ